CCM(27) 2013-14

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**15.01.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചതിരിഞ്ഞ് 12.30ന് ബഹു. നഗരകാര്യ വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

**1.** സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.01.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2013-14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവ് 1534 കോടി രൂപയാണെന്ന് യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്തുകൾ 944 കോടി രൂപ ചെലവഴിച്ചു. ഇത് 35 ശതമാനമാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 11 ശതമാനവും, 2011-12-ൽ ഇതേ കാലയളവിൽ 25.64 ശതമാനവുമാണ് ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ ഈ വർഷം ഇതുവരെ 944 കോടി രൂപയാണ് ചെലവിട്ടത്. ഇത് 63 ശതമാനം ആണ്. മുൻവർഷം ഇതേ കാലയളവിൽ 24 ശതമാനമാണ് ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ചത്. ജില്ലാ പഞ്ചായത്തുകൾ 195 കോടി രൂപയാണ് ഈ വർഷം ഇതുവരെ ചെലവഴിച്ചത് (60 ശതമാനം). മുനിസിപ്പാലിറ്റികൾ ഈ വർഷം ഇതുവരെ 116 കോടി രൂപയും, കോർപ്പറേഷനുകൾ 83 കോടി രൂപയും ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 31 ശതമാനവും കോർപ്പറേഷനുകൾ 30 ശതമാനവുമാണ് ഇതുവരെ ചെലവിട്ടത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ മുനിസിപ്പാലിറ്റികളുടെ ചെലവ് 11 ശതമാനവും കോർപ്പറേഷനുകളുടേത് 9 ശതമാനവും ആയിരുന്നു.

**2.2** സേവാഗ്രാം ഗ്രാമകേന്ദ്രം കരട് പ്രവർത്തന മാർഗരേഖ

'കില' സമർപ്പിച്ച സേവാഗ്രാം ഗ്രാമകേന്ദ്രം കരട് പ്രവർത്തന മാർഗരേഖ വിവിധ തലങ്ങളിൽ ചർച്ചാ വിധേയമാക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു. കരട് മാർഗരേഖയെ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ വീണ്ടും ചർച്ച ചെയ്യാനായി മാറ്റിവച്ചു.

**2.3** പദ്ധതി നിർവഹണത്തിൽ ചെലവ് കുറഞ്ഞിരിക്കുന്നതിന്റെ പ്രധാന കാരണം മരാമത്തുപണികൾ പൂർത്തീകരിച്ചിട്ടും ബില്ല് തയ്യാറാക്കുന്നതിലുള്ള കാല വിളംബമാണെന്ന് വിവിധ തലങ്ങളിൽ നിന്ന് ഉയർന്നു വന്ന വിമർശനങ്ങളുടെ വെളിച്ചത്തിൽ യോഗം വിലയിരുത്തി. പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുമെന്ന് ഉറപ്പുവരുത്താൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓപ്പണിംഗ് ബാലൻസ് തിരുത്തുന്നതിന് 2014 ജനുവരി 15 വരെ അനുവദിച്ച കാലയളവ് ജനുവരി 31 വരെ ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5** ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കുകയും സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വാടക നൽകുകയും ചെയ്യുന്നുണ്ട്. ഐ.ടി.ഐ.കൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥാപനമല്ലാത്തതിനാൽ ഇപ്രകാരം സ്ഥലവും കെട്ടിടവും കെട്ടിട വാടകയും മറ്റും നൽകുന്നതിന് ആസൂത്രണ നിർവഹണ മാർഗരേഖകൾ പ്രകാരം തടസ്സമുണ്ട്. ഈ സാഹചര്യത്തിൽ സ്ഥലവും കെട്ടിടവും വാടകയും മറ്റും നൽകുന്നതിന് സർക്കാരിന്റെ അനുമതിക്കായി പല തദ്ദേശഭരണ സ്ഥാപനങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയെ സമീപിക്കുകയും, സമിതി ആയത് അനുഭാവപൂർവ്വം പരിഗണിക്കുകയും ചെയ്തുവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇപ്രകാരം ഒട്ടേറെ സഹായങ്ങൾ ഐ.ടി.ഐകളുടെ പ്രവർത്തനത്തിന് ലഭ്യമാകുന്നതിനാൽ ഐ.ടി.ഐ.കൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടു നൽകുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളാൻ തൊഴിൽ വകുപ്പിനോട് അഭ്യർത്ഥിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6** അടുത്ത സാമ്പത്തിക വർഷത്തെ (2014–15) പ്രാദേശിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പ് ജില്ലാതലത്തിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. അതിനാൽ പ്രോജക്ട് രൂപീകരണത്തിലും പ്രോജക്ട് പരിശോധനയിലും ഇടപെടുന്ന ഉദ്യോഗസ്ഥർക്ക് സഹായകമായ രീതിയിൽ അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിനുവേണ്ടി പുറപ്പെടുവിച്ച മാർഗരേഖകളിൽ നിലവിലുണ്ടായിരുന്ന മാർഗരേഖയെ അപേക്ഷിച്ച് ഉണ്ടായ വ്യതിയാനങ്ങൾ വ്യക്തമാക്കുന്ന ഒരു ലഘുകൈപുസ്തകം അടിയന്തിരമായി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ 'കില'യെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7** അടുത്ത വർഷത്തെ പ്രാദേശിക പദ്ധതി രൂപീകരണത്തിൽ CPWD നിരക്കുകളാണ് പ്രാബല്യത്തിൽ വരുന്നത്. സംസ്ഥാനതലത്തിലുള്ള സോഫ്ട് വെയറുകൾക്ക് സ്വീകാര്യത വരുന്ന തരത്തിൽ നാളെത്തന്നെ യോഗം ചേർന്ന് പ്രായോഗിക പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെയും ഐ.കെ.എം. ചെയർമാൻ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടറെയും യോഗം ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8** വിവിധ തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ നിലവിലില്ലാത്ത കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ട തുകയിൽ ബാക്കിയായി ബാങ്ക് അക്കൗണ്ടുകളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഫണ്ടുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് അവയുടെ വിനിയോഗം സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ചവറ ഗ്രാമപഞ്ചായത്ത് (ഫയൽനം. 76722 /ഡി.എ3/13/തസ്വഭവ)

**തീയതി 15.01.2014**

തെരുവുവിളക്കുകളുടെ പരിപാലനവും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും എന്ന പ്രോജക്ട് 2013-14 വർഷം നടപ്പാക്കുന്നതിന് പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽനം. 76970/ഡി.ഡി.1/13/തസ്വഭവ)

**തീയതി 15.01.2014**

RIDF-XI-ൽ ഉൾപ്പെടുത്തി നിർവഹണം നടത്തിയ കെട്ടിട നിർമ്മാണ ചെലവിൽ ബാക്കി നൽകാനുള്ള തുകയായ 64,173/- രൂപ പദ്ധതി വിഹിതത്തിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ നൽകാൻ അനുവദിക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 മേലാറ്റൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 80710/എഫ്.എം.3/13/തസ്വഭവ)

**തീയതി 15.01.2014**

ജലനിധി പദ്ധതിയിലേയ്ക്ക് നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവാക്കാൻ 2013-14 വർഷത്തേയ്ക്കു മാത്രമായി അനുവാദം നൽകിയത് 2013-14 വർഷം നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2014 15 വർഷം ചെലവാക്കാൻ അനുവദിക്കണമെന്നയാവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (ഫയൽനം. 76872/ഡി.എ2/13/തസ്വഭവ)

**തീയതി 15.01.2013**

2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 10 എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ ആകാശ് ടാബ്ലറ്റ് വാങ്ങി വിതരണം ചെയ്യുന്നതിന് ഓരോന്നിന്റെ വില സംബന്ധിച്ചും നടപടിക്രമങ്ങളെ സംബന്ധിച്ചും ഐ.കെ.എം.ന്റെ അഭിപ്രായം ആരാഞ്ഞശേഷം പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ശുപാർശ

**ഫയൽനം. 77446/ഡി.എ1/13/തസ്വഭവ)തീയതി. 15.01.2014**

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ശുപാർശ ചെയ്ത, ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ഉയർന്ന പരിധി തുക കുറയ്ക്കുന്നതു സംബന്ധിച്ച നിർദ്ദേശം പിന്നീട് പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പത്തനംതിട്ട നഗരസഭ (ഫയൽനം.60061/ഡി.ബി1/13/തസ്വഭവ)തീയതി 15.01.2014**

പത്തനംതിട്ട നഗരസഭയിലെ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി 2012–13 വർഷം തുക വകയിരുത്തിയതും സംബന്ധിച്ചും വർദ്ധിപ്പിച്ച വായ്പ തുക നൽകുന്നതു സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ടതിന്മേൽ വകുപ്പുതല തീരുമാനമെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 അതിരമ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽനം.79247/ഇ.ഡബ്യൂ3/13/തസ്വഭവ) തീയതി .15.01.2014**

അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിക്കാനനുവദിക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 3095/13/തസ്വഭവ) തീയതി 15.01.2014**

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2013–14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അതിരമ്പുഴ പി.എച്ച്.സി.ക്ക് ആംബുലൻസ് നൽകാൻ തീരുമാനിച്ചത് ഉപേക്ഷിച്ച സാഹചര്യത്തിൽ കോട്ടയം മെഡിക്കൽ കോളേജിന് ആംബുലൻസ് വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് തീയതി 15.01.2014**

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഐ.ടി.ഐ. പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകിയതിന് അംഗീകാരവും ബാക്കി നൽകാനുള്ള തുകയ്ക്ക് അനുവാദവും നൽകണമെന്ന ആവശ്യം തനത് ഫണ്ടിൽ നിന്ന് നിർവഹിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ചെറുകാവ് ഗ്രാമപഞ്ചായത്ത് തീയതി 15.01.2014**

ചെറുകാവ് ഗ്രാമപഞ്ചായത്തിൽ ശാരീരിക– മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ഒരു തൊഴിൽ കേന്ദ്രം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ യഥാക്രമം 1075000/– രൂപ, 500000/– രൂപ, 25000/– രൂപ എന്നീ ക്രമത്തിൽ ചെലവ് ചെയ്ത് തുടങ്ങാൻ അനുവദിക്കണമെന്ന ആവശ്യം വിശദമായ റിപ്പോർട്ട് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കിയശേഷം പരിശോധിച്ച് തീരുമാനിക്കാനായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ചെറുകാവ് ഗ്രാമപഞ്ചായത്ത് തീയതി .08.01.2014**

ജനന-മരണ രജിസ്ട്രേഷൻ യഥാസമയം നടത്താൻ കഴിയാത്തവർക്ക് അതാതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തന്നെ പിഴ നൽകി രജിസ്റ്റർ ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ചശേഷം തീരുമാനിക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ചെറുകാവ് ഗ്രാമപഞ്ചായത്ത് തീയതി 15.01.2014**

ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന ബഡ്സ് സ്ക്കൂളിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാനുള്ള ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഗ്ലോബ് തിയേറ്റർ വടകര (തീയതി 15.01.2014)**

ഗ്ലോബ് തിയേറ്റർ കോഴിക്കോട് ജില്ലയിൽ നടത്തുന്ന പ്രതിവാര നാടകമേളയ്ക്ക് സംഭാവന നൽകാൻ ത്രിതല പഞ്ചായത്തുകളെ അനുവദിക്കണമെന്നയാവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ബഹു.എം.എൽ.എ ശ്രീ.കോടിയേരി ബാലകൃഷ്ണന്റെ കത്ത്(തീയതി 15.01.2014)**

വ്യക്തികളുടെ സ്മാരക നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നത് ഉചിതമല്ലാത്തതിനാൽ ശ്രീ. നാരായണൻ സ്മാരക നിർമ്മാണ കമ്മിറ്റിയുടെ അഭ്യർത്ഥന അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കേരള ഫെഡറേഷൻ ഓഫ് ബൈൻഡ് (ഫയൽ നം.458/എഫ്.എം.2/14/തസ്വഭവ) (തീയതി 15.01.2014)**

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടനയുടെ സമ്മേളനത്തിന് സംഭാവന നൽകണമെന്നയാവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 64726/ആർ.ഡി.1/13/തസ്വഭവ) തീയതി 15.01.2014**

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനുവദിക്കണമെന്നയാവശ്യത്തിന്മേൽ ആസ്തികൾ ആർജിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ എല്ലാതലത്തിലും ഏറ്റെടുക്കാമെന്നതിനാൽ അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 തൃത്താല ബ്ലോക്ക് പഞ്ചായത്ത് –കുടിവെള്ള പദ്ധതി (ഫയൽ നം. 25313/ഡി.ഡി.2/13/തസ്വഭവ) തീയതി 15.01.2014**

തൃത്താല ബ്ലോക്ക് പഞ്ചായത്തിൽ മുൻകാല കുടിവെള്ള പദ്ധതികൾക്കായി അനുവദിക്കപ്പെട്ട് ബാക്കിയായി അവശേഷിക്കുന്ന തുക ഉപയോഗിച്ച് പുതിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ അനുവദിക്കണമെന്നയാവശ്യം ഖണ്ഡിക 2.8 തീരുമാനത്തിന് വിധേയമായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി (ഫയൽ നം. 79160/ഡി.എ3/13/തസ്വഭവ) തീയതി 15.01.2014**

ലാപ് ടോപ് വിതരണം ചെയ്യുന്ന പദ്ധതി സംബന്ധിച്ച് ഐ.കെ.എം.ന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയശേഷം പരിഗണിക്കാൻ മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 സുതാര്യകേരളം – പരാതി (ഫയൽ നം. 28231/ഡി.എ2/13/തസ്വഭവ) തീയതി 15.01.2014**

സുതാര്യ കേരളം പദ്ധതിയിൽ ശ്രീമതി.നാരായണി സമർപ്പിച്ച പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 22.01.2014 ന് നിയമസഭാ മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ 3 PM ന് കൂടുന്നതാണ്.***

(യോഗം 1.30–ന് അവസാനിച്ചു.)